ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

**നമ്പർ. DTETVM/202/2024-EA2 (EA)** **തീയതി: 07-11-2024**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം -DDFS-ൽ നിന്നും E-Office-ലേക്ക് ഫയലുകൾ മൈഗ്രേറ്റ് ചെയ്തത്- വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ഈ കാര്യാലയത്തിലെ 11.08.2024, 13.09.2024 എന്നീ തിയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.
2. ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ തീയതി 03.10.2024

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. DDFS-ൽ നിന്നും E-Office-ലേക്ക് ഫയലുകൾ മൈഗ്രേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ 28.09.2024 നുള്ളിൽ ചെയ്ത് തീർക്കുവാൻ നിർദ്ദേശം നൽകുകയും ഡൌൺലോഡ് ചെയ്തു ഫയലുകളുടെ വിവരങ്ങൾ സൂചന (2) പ്രകാരമുള്ള എക്സൽ ഷീറ്റിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി 2024 ഒക്ടോബർ 8 ആം തിയതിക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്നും പറഞ്ഞിരുന്നു . എന്നാൽ പല സ്ഥാപനങ്ങളും നാളിതുവരെ ടി-റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനമേധാവി ഒപ്പിട്ട DDFS ഡൌൺലോഡ് സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ 15.11.2024 തീയതിക്കുള്ളിൽ ലഭ്യമാക്കുവാൻ കർശന നിർദ്ദേശം നൽകുന്നു.

DDFS ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ലാത്ത സ്ഥാപനങ്ങൾ **"DDFS ഇതുവരെ നടപ്പിലാക്കിയിട്ടില്ല / DDFS ഫയലുകൾ ഒന്നും തന്നെ ഈ കാര്യാലയത്തിൽ നിലവിൽ ഇല്ല"** എന്നുള്ള NIL **സർട്ടിഫിക്കറ്റ്** dteitdivision@gmailcom എന്ന വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്.

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സിസ്റ്റം അനലിസ്റ്റ്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 07-11-2024 19:03:42